പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2000. 12-02-2013 -ൽ മറുപടിക്ക്

## മദ്യപാനത്തിനെതിരെ ബോധവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ്:<br>" മോൻസ് ജോസഫ്:<br>" റ്റി. യു. കുരുവിള:<br>" തോമസ് ഉണ്ണിയാടൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യപാനം നിരുത്സാഹപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന സാമൂഹ്യ ബോധവൽക്കരണം കോളേജുകളിലും, സ്കൂളുകളിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) മദ്യപാനം നിരുത്സാഹപ്പെടുത്തുന്നതിനു വേണ്ടിയുള്ള സാമൂഹ്യ ബോധവൽക്കരണം, കോളേജുകളിലും, സ്കൂളുകളിലും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി, ഹയർ സെക്കന്ററി തലം വരെയുള്ള സംസ്ഥാനത്തെ 700-ൽപരം സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നു. അതോടൊപ്പം സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രോജക്ടിന്റെ ഭാഗമായും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കോളേജ് തലത്തിൽ, നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചു ബോധവൽക്കരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) മദ്യഉപയോഗവും മദ്യാസക്തിയും കുറയ്ക്കുന്നതിന് ബോധവൽക്കരണവും മനോരോഗ ചികിത്സയും നടത്തുന്ന സന്നദ്ധസംഘടനകളെയും പ്രസ്ഥാനങ്ങളെയും സഹായിക്കുവാൻ പദ്ധതികൾ ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) ഉണ്ട്. ഡീ-അഡിക്ഷൻ ചികിത്സാ രംഗത്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നതിന്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും 3.5 കോടി രൂപ മാറ്റി വയ്ക്കുകയും, ധനസഹായത്തിന് അർഹമായിട്ടുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ആഫീസർ